പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5802 — 03.11.2016-ൽ മറുപടിക്ക്.

## അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ന്യായ വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ്<br>,, കെ. ദാസൻ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ഐ.ബി. സതീഷ് | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ തൊഴിലാളികളിൽ ബഹു ഭൂരിപക്ഷം വരുന്ന പീടിക-ചെറുകിട വാണിജ്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ തുടങ്ങിയ അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് ന്യായ വേതനം ഉറപ്പാക്കാൻ എന്തു സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) ഈ മേഖലകളിൽ മിനിമം വേതനം പുതുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന വിവിധ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും, സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ബാങ്ക് വഴി വേതനം നൽകുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിലും ഇതു നടപ്പാക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും ഓൺലൈനായി തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതിനും കഴിയും. |

| | |
|---|---|
| (ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി ക്ഷേമനിധി ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ; | (ബി) അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |
| (സി) ദിവസക്കൂലിക്കാർക്കും സ്വയംതൊഴി-ലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും ഉൾപ്പെടെയുള്ളവർക്ക് ഏതെങ്കിലും തരത്തിലുള്ള സാമൂഹിക സുരക്ഷ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമോ ? | (സി) ഏതെങ്കിലും തരത്തിലുള്ള ക്ഷേമ പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തവരും അസംഘടിത മേഖലയിലെ ദിവസവേതന തൊഴിലാളികൾ എന്ന നിർവ്വചനത്തിൽ വരുന്നവരുമായ തൊഴിലാളികൾക്ക് അവരുടെ തൊഴിലിനിടയിലുള്ള അപകടത്തിൽ പരിക്ക് പറ്റിയാൽ 2,000/- രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി 2007-08 വർഷത്തിൽ നിലവിൽ വരികയും തൊഴിൽ വകുപ്പ് കാര്യക്ഷമമായി നടപ്പിലാക്കി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.